പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1427 15.06.2012 ൽ മറുപടിയ്ക്ക്

## വളങ്ങളുടേയും കീടനാശിനികളുടേയും ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറയം ഗോപകുമാർ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ചെടികളുടെയും കാർഷിക വിളകളുടേയും വളർച്ചയ്ക്കും ഉല്പാദനത്തിനും സഹായിക്കുമെന്ന വ്യാജ പരസ്യം നൽകി കൃഷി വകുപ്പിന്റെ അംഗീകാരമോ ലൈസൻസോ ഇല്ലാതെ ചില കമ്പനികൾ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം കമ്പനികളെ നിയന്ത്രിക്കുവാൻ കൃഷി വകുപ്പിൽ പ്രത്യേകമായി നിയമങ്ങൾ നിലവിലുണ്ടോ; | (ബി) യും (സി) യും FCO 1985 യുടേയും ഇൻസക്റ്റിസൈഡ് ആക്ട് 1968 ന്റെയും പരിധിയിൽ വരാത്തതിനാൽ പ്രസ്തുത ഉൽപന്നങ്ങൾ ഉല്പാദിപ്പിക്കുന്ന കമ്പനികളുടെ മേൽ നിയന്ത്രണത്തിനായി പ്രത്യേക നിയമങ്ങൾ നിലവിലില്ല. |
| (സി) എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ; | |
| (ഡി) വളങ്ങളുടേയും കീടനാശിനികളുടേയും ഗുണനിലവാരം നിർണ്ണയിക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് കൃഷി വകുപ്പിൽ നിലവിലുള്ളത്. വിശദാംശം അറിയിക്കുമോ? | (ഡി) രാസവളങ്ങളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി തിരുവനന്തപുരത്തും പട്ടാമ്പിയിലും ഓരോ രാസവള ഗുണനിലവാര പരിശോധനശാല പ്രവർത്തിച്ചുവരുന്നു. കീടനാശിനികളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് തിരുവനന്തപുരത്ത് ഒരു കീടനാശിനി ഗുണനിലവാര പരിശോധന ശാല പ്രവർത്തിക്കുന്നു.<br><br>രാസവള ഗുണനിലവാര പരിശോധന ശാലയിൽ FCO 1985 പ്രകാരം വളങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കീടനാശിനി ഗുണ നിലവാര പരിശോധന ശാലയിൽ |

Insecticide Act 1968 പ്രകാരം കീടനാശിനികൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു.

എല്ലാ കൃഷി ഭവനുകളിലും വളങ്ങളുടേയും കീടനാശിനികളുടേയും സാമ്പിൾ എടുത്ത് പരിശോധനയ്ക്കായി ലാബിൽ അയയ്ക്കുകയും ചെയ്യുന്നുണ്ട്. ആയതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യുന്നുണ്ട്. ഗുണമേന്മ നിലനിർത്താത്ത കമ്പനികൾക്കെതിരെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നതാണ്.

സെക്ഷൻ ഓഫീസർ